# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നം. 866**

10.06.2019-ൽ മറുപടിയ്ക്ക്

## നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി. തോമസ് | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച തീരുമാനം എന്നാണ് എടുത്തതെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. 2016-17 ബജറ്റ് പ്രസംഗത്തിൽ കിഫ്ബിന്റെ സാമ്പത്തിക സഹായത്തോടെ ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. |
| ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടെന്നറിയിക്കാമോ; | ബി) കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ അംഗീകരിക്കുകയും, പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്തിട്ടുണ്ട്. ഇതര ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, വയനാട് ഒഴികെയുള്ള ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. |
| സി) ഈ പദ്ധതിക്കായി കിഫ്ബിയിൽ നിന്നും എന്ത് തുകയാണ് ഇതിനകം അനുവദിച്ചതെന്ന് വ്യക്തമാക്കുമോ? | സി) ഈ പദ്ധതിയിൻ പ്രകാരം കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി താഴെ പറയും പ്രകാരമുള്ള തുക അനുവദിക്കുന്നതിന് കിഫ്ബിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 05.02.2019-ായി നടപടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| ജില്ല | തുക |
|---|---|
| കൊല്ലം | 44,40,70,000/- രൂപ |
| പാലക്കാട് | 56,48,00,000/- രൂപ |
| കാസർഗോഡ് | 36,20,00,000/- രൂപ |

കൂടാതെ ടി പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി സെന്റേജ് ചാർജിനത്തിൽ 3,64,11,257/- രൂപ ടി പദ്ധതിയുടെ എസ്. പി. വി-ആയ കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷന് കിഫ്ബി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ